

Volume 1
Issue 6
JULY - DECEMBER 2020

# തീരസ്പന്ദനം

## കൊല്ലം തീരത്തിന്റെ ഹൃദയമിടിപ്പുകൾ

The Newsletter of Fishermen Community Devolopment Programme (FCDP) &
Theeradesa Mahila Society (TMS), Pallithottam, Kollam. (Reg Nos. Q.771/84;Q.1039/95)

## എഡിറ്റോറിയൽ

കോവിഡ്-19 എന്ന മഹാമാരിയെ പരിപൂർണ്ണമായി ഉൻമൂലനം ചെയ്യുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾക്ക് വിജയ സാഫല്യം എന്നോണം വാക്സിൻ കുത്തിവയ്പ്പ് ആരംഭിച്ചിരിക്കുന്നത് ഏറെ ആശ്വാസവും സംതൃപ്തിയും നൽകുന്നു. കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടു തന്നെ സംഘടന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് We-Live Project-ന്റെ ഭാഗമായി നടത്തിയ അടുക്കളതോട്ട പരിശീലന പരിപാടി, E-ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം, കേക്ക് മേള, വനിതാ സംരംഭകർക്കായുള്ള പരിശീലന ക്ലാസ്സുകൾ എന്നിവ ഏറെ ശ്രദ്ധേയമായിരുന്നു കൂടാതെ യുവജനങ്ങൾക്കുവേണ്ടി (Don Bosco Youth Forum) ആസൂത്രണം ചെയ്ത ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ അവർക്ക് ശരിയായ ദിശാബോധവും മികവുറ്റ പ്രവർത്തന ശൈലിയും സ്വന്തമാക്കാൻ സാധിക്കുന്നു. ഈ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഏവരെയും നന്ദിയോടെ ഓർക്കുന്നു.

കഴിഞ്ഞ വർഷം FCDP-TMS സംഘടനകളുടെ എല്ലാ പ്രവർത്തനങ്ങളെയും ഏറെ താൽപര്യത്തോടെ വീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും തന്റെ വാക്കുകൊണ്ടും പ്രവർത്തികൊണ്ടും നമുക്ക് ഉണർവു പകരുകയും ചെയ്ത ബഹുമാനപ്പെട്ട സലേഷ്യൻ പ്രൊവിൻഷ്യൽ റവ. ഫാ. ജോയിസ് തോണിക്കുഴിക്ക് FCDP-TMS കുടുംബത്തിന്റെ ആദരവും സ്നേഹവും നന്ദിയും അർപ്പിക്കുന്നു. അതോടൊപ്പം പുതിയ പ്രൊവിൻഷ്യലായി സ്ഥാനമേൽക്കുന്ന FCDP-TMS മുൻ ഡയറക്ടർ റവ. ഫാ. ജോസ് കോയിക്കലിനെ ഹൃദ്യമായ സ്വാഗതം നേരുന്നു. പ്രതിസന്ധികളിൽ തളരാതെ പതറാതെ ഉറച്ച കാൽ വയ്പ്പുകളോടെ ജീവിത വീഥിയിൽ മുന്നേറാൻ ഈ വർഷം (2021) നമുക്ക് സാധിക്കട്ടെ എന്ന് സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

ആശംസകളോടെ
Rev. Fr. Joby Sebastian
ഡയറക്ടർ FCDP

2 ജൂലൈ 2020

## വിദ്യാഭ്യാസ കൈതാങ്ങ് ഒന്നാം ഘട്ടം



FCDP-TMS സംഘടനകളുടെ കോവിഡ്-19 ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മറ്റൊരു ഘട്ടത്തിന് തുടക്കം കുറിച്ചു. FCDP-യിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ സാമ്പത്തികമായി പ്രതിസന്ധി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ വിദ്യാഭ്യാസം നേടുന്നതിന് ടെലിവിഷൻ, മൊബൈൽ ഫോൺ എന്നിവ വിതരണം ചെയ്തു. ശ്രീ. ദേവരാജൻ (സർക്കിൾ ഇൻസ്പെക്ടർ, പള്ളിത്തോട്ടം) ചടങ്ങിൽ മുഖ്യ അതിഥി ആയിരുന്നു. FCDP-TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, FCDP ചെയർപേഴ്സൺ ഡോ. സിന്താ മെൻഡസ്, കൂടാതെ FCDP-TMS സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഹരിത ഹാരിസൺ, അനീഷ ബോസ്കോ, ഡോൺ ബോസ്കോ കമ്പ്യൂട്ടർ സെന്ററിൽ നിന്ന് ടാലി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ അഖിൽ എന്നിവരെ ചടങ്ങിൽ വച്ച് ആദരിക്കുകയും, പാരിതോഷികങ്ങൾ നൽകുകയും ചെയ്തു. ഈ പ്രവർത്തനത്തിന് സാമ്പത്തികമായി പിന്തുണ നൽകിയ ഡോൺ ബോസ്കോ ബ്രഡ്സിനും ഉദാരമനസ്കരായ അഭ്യുദയകാംക്ഷികൾക്കും സംഘടനയുടെ നന്ദി രേഖപ്പെടുത്തുന്നു.

## INSIDE THIS ISSUE

- പിറന്നാൾ സംഗമം
- കോവിഡ് ക്ലസ്റ്റർ രൂപീകരണം
- തിരുവോണ ദിന ഉച്ചഭക്ഷണ വിതരണം
- ഇ-ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം
- കോവിഡ് ഹെൽപ്പ് ഡെസ്ക്
- ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ്
- വിദ്യാഭ്യാസ കൈതാങ്ങ്
- ഡോൺബോസ്കോ യൂത്ത് ഫോറം സംഗമം
- ക്രിസ്തുമസ് സംഗമം

4 ജൂലൈ 2020

## പിറന്നാൾ സംഗമം



FCDP-TMS ഡയറക്ടർ റവ. ഫാ. ജോബി സെബാസ്റ്റ്യന്റെ 50-ാം പിറന്നാൾ FCDP ഹാളിൽ വച്ച് FCDP-TMS അംഗങ്ങളുടെ നേതൃത്വത്തിൽ വളരെ ലളിതമായി ആഘോഷിച്ചു. FCDP-TMS സംഘടനകളുടെ സമഗ്ര- വളർച്ചയ്ക്കു വേണ്ടി ജോബി അച്ചൻ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ആസ്ഥാനമാക്കിയുള്ള ഒരു ഡോക്യുമെന്ററി ചടങ്ങിൽ പ്രദർശിപ്പിച്ചു. തോപ്പ് ഇടവക വികാരി റവ. ഫാ. സണ്ണി ഉപ്പൻ, സഹ. വികാരി റവ. ഫാ. സ്റ്റീഫൻ, FCDP ചെയർപേഴ്സൺ ഡോ.സിന്താമെൻഡസ്, TMS പ്രസിഡന്റ് ശ്രീ. ആഗസ് ജോൺ, FCDP കോഡിനേറ്റർ ശ്രീമതി. ഗ്രെറ്റ രാജു, TMS കോഡിനേറ്റർ ശ്രീമതി. മിനി മേരി എന്നിവർ ജോബി അച്ചന് പിറന്നാൾ ആശംസകൾ നേർന്നു. FCDP-TMS സ്റ്റാഫ് അംഗങ്ങളുടെയും, ഡോൺ ബോസ്കോ യൂത്ത് ഫോറത്തിന്റെയും കലാപരിപാടികൾ ചടങ്ങിൽ പങ്കെടുത്ത ഏവർക്കും ഹൃദ്യവും, ആസ്വാദകരവുമായിരുന്നു.








21 ജൂലൈ 2020

## കോവിഡ് ബോധവത്കരണം

കോവിഡ് വ്യാപനം തീരദേശ മേഖലയിൽ വർധിച്ചു വരുന്ന സാഹചര്യത്തിൽ ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുവാനും അവർക്ക് മാർഗ നിർദ്ധേശങ്ങൾ നൽകുന്നതിനുമായി FCDP യുടെ നേതൃത്വത്തിൽ കൊല്ലം തീരദേശ മേഖലയിലെ വിവിധ പ്രദേശങ്ങളിൽ കോവിഡ് ബോധവത്കരണം നടത്തി. വാഹനത്തിന്റെ അകമ്പടിയോടു കൂടി നടന്ന ബോധവത്കരണ പരിപാടിയ്ക്ക് സോഷ്യൽ വർക്ക് ട്രെയിനികളായ ജസ്നോ റ്റി. ജോൺ, നോയൽ എന്നിവർ നേതൃത്വം നൽകി. ഇത്തരം ബോധവത്കരണ പരുപാടികളിലൂടെ കോവിഡിനെതിരെ ജാഗ്രത പുലർത്തുവാനും അടിയന്തര സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സാധിച്ചു.



30 ജൂലൈ 2020

## വിദ്യാഭ്യാസ കൈതാങ്ങ് - രണ്ടാം ഘട്ടം




FCDP-TMS സംഘടനകളുടെ കോവിഡ്-19 ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ തുടർച്ചയായി നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ടെലിവിഷനും മൊബൈൽ ഫോണും വിതരണം ചെയ്തു. പ്രസ്തുത ചടങ്ങിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജെ. പി. ആൻഡ്രൂസ് സന്നിഹിതനായിരുന്നു. സർക്കിൾ ഇൻസ്പെക്ടറായി ഔദ്യോഗിക സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. ജെ. പി. ആൻഡ്രൂസ് സാറിനെ അഭിന

ന്ദിക്കുകയും അദ്ദേഹം സംഘടനയ്ക്ക് നൽകുന്ന എല്ലാ സേവനങ്ങൾക്കും പ്രത്യേകിച്ച് PSC കോച്ചിംഗിനു നേതൃത്വം നൽകിയതിനു അദ്ദേഹത്തിനു ഡയറക്ടർ റവ. ഫാ. ജോബി സെബാസ്റ്റ്യൻ നന്ദി അർപ്പിച്ചു. FCDP-TMS സ്റ്റാഫ് അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു. നാളിതുവരെ വിദ്യാഭ്യാസ സഹായത്തിനായി 10 ടെലിവിഷനുകളും 5 മൊബൈൽ ഫോണുകളും നൽകുകയുണ്ടായി. കൂടാതെ 6 ടെലിവിഷനുകളും 7 മൊബൈൽ ഫോണും വാങ്ങുവാൻ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.



23 ഓഗസ്റ്റ് 2020

## കോവിഡ് ക്ലസ്റ്റർ രൂപീകരണം

തീരദേശ മേഖലയിൽ കോവിഡ് വ്യാപനം തടയുന്നതിനും അവർക്ക് സഹായം നൽകുന്നതിനുമായി FCDP-യുടെ നേതൃത്വത്തിൽ 2020 ഓഗസ്റ്റ് 23-ന് യുവാക്കളുടെ ഡോൺ ബോസ്കോ കോവിഡ് ക്ലസ്റ്റർ രൂപീകരിച്ചു. FCDP ഓഫീസിൽ വച്ച് നടന്ന ചടങ്ങിന് പള്ളിത്തോട്ടം കൗൺസിലർ അഡ്വ. വിനിത വിൻസെന്റ്, FCDP-TMS ഡയറക്ടർ ഫാ.ജോബി സെബാസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം നൽകി. ഇരുപതോളം വരുന്ന യുവാക്കൾ കോവിഡ് ക്ലസ്റ്ററിൽ പങ്കാളികളായി. തുടർന്ന് സെപ്റ്റംബർ 2-ന് ഡോൺ ബോസ്കോ യൂത്ത് സെന്ററിൽ വച്ച് നടന്ന ക്ലസ്റ്റർ മീറ്റിംഗിൽ പള്ളിത്തോട്ടം സബ് ഇൻസ്പെക്ടർ ജിബി വി. എൻ അംഗങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു. കണ്ടൈൻമെന്റ് സോണിൽ ഉള്ള ആളുകൾക്ക് സഹായം എത്തിക്കുക, കോവിഡ് ബോധവൽക്കരണ അനൗൺസ്മെന്റുകൾ നടത്തുക, അവശ്യ സാധനങ്ങൾ വീട്ടിൽ എത്തിച്ചു നൽകുക, ക്വാറന്റീനിലുള്ള രോഗികൾക്ക് ഭക്ഷണം എത്തിക്കുക തുടങ്ങിയവ കോവിഡ് ക്ലസ്റ്ററിന്റെ ഭാഗമായി നടത്തുകയുണ്ടായി.



5 സെപ്റ്റംബർ 2020

## തിരുവോണ ദിന ഉച്ച ഭക്ഷണ വിതരണം

കൊല്ലം തീരദേശത്തെ നിരാലംബരും രോഗികളുമായ 100ൽ പരം മാതാപിതാക്കൾക്ക് എല്ലാ ദിവസവും ഉച്ചഭക്ഷണം നൽകുന്നതിനായി 2017 ഏപ്രിൽ 1ന് FCDP-TMS സംഘടനകൾ സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് “വിശപ്പിന് വിട”. കോവിഡ്19 മഹാമാരിയുടെ കടന്നുകയറ്റം മൂലം ഈ വർഷം ഓണഘോഷം നടത്താൻ സാധിച്ചില്ലെങ്കിലും, മഹാബലി വിശപ്പിന് വിടയിലൂടെ മാതാപിതാക്കൾക്ക് ഭക്ഷണം വിതരണം ചെയ്യാൻ എത്തിയത് കൗതുകകരമായി. രണ്ടുതരം പായസത്തോടു കൂടിയ രുചികരമായ ഭക്ഷണ പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നതിന് FCDP-TMS ഡയറക്ടർ റവ. ഫാ. ജോബി സെബാസ്റ്റ്യൻ, FCDP ചെയർപേഴ്സൺ ഡോ.സിന്താ മെൻഡസ്, വിശപ്പിന് വിട എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ഹൈസിന്ത് മെൻഡസ്, TMS അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ മേരി കരുവേലിൽ എന്നിവർ നേതൃത്വം നൽകി. ഇതിനോടകം 1,25,000-ൽ അധികം ഭക്ഷണപൊതികൾ നൽകുവാൻ സംഘടനയ്ക്ക് സാധിച്ചിട്ടുണ്ട്.



16 സെപ്റ്റംബർ 2020

## അടുക്കളത്തോട്ട പരിശീലനം



FCDP-TMS സംഘടനകളുടെ കീഴിൽ 2020 ജൂണിൽ ആരംഭിച്ച പദ്ധതിയായ “WE Live” (Women Empowerment through Livelihood and Enterprenership) ഭാഗമായി ടെറസിലെ അടുക്കളത്തോട്ട പരിശീലന പരിപാടി സംഘടിപ്പിച്ചു. മുണ്ടയ്ക്കൽ

വെസ്റ്റ് വാർഡിലെ സ്ത്രീകൾക്ക് കോവിഡ് മാനദണ്ഡങ്ങൾ നിലനിർത്തിയാണ് പരിശീലനം നൽകിയത്. ശ്രീമതി. എഡ്നാ ഫ്രെഡി ക്ലാസ്സ് നയിക്കുകയും പങ്കെടുത്ത എല്ലാവർക്കും അടുക്കളത്തോട്ടത്തെക്കുറിച്ച് പൂർണമായ അറിവ് നൽകുകയും ചെയ്തു. ഈ പദ്ധതി പ്രകാരം 60 സ്ത്രീകളെയാണ് അടുക്കളതോട്ട സംരംഭത്തിന് പ്രോത്സാഹിപ്പിക്കുന്നത്.



6 – 11 ഒക്ടോബർ 2020

## വിദ്യാഭ്യാസ സഹായം – ഒന്നാം ഘട്ടം

തീരദേശത്തെ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനായി പഠന സാമഗ്രഹികളുടെ വിതരണം FCDP ഓഫീസിൽ വച്ച് നടത്തി. കോവിഡ് മാനദണ്ഡം കർശനമായി പാലിച്ചുകൊണ്ട് തുടർച്ചയായ ദിവസങ്ങളിൽ വിവിധ സമയങ്ങളിലായി പഠനകിറ്റുകൾ നൽകി. പഠന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് FCDP-TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, TMS അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ മേരി കരുവേലിൽ, FCDP ചെയർപേഴ്സൺ ഡോ. സിന്താ മെൻഡസ് വിശപ്പിന് വിട എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീമാൻ ആൻസൽ റയ്മണ്ട്, FCDP കോഡിനേറ്റർ ശ്രീമതി. ഗ്രെറ്റ രാജു, TMS കോഡിനേറ്റർ ശ്രീമതി. മിനിമേരി എന്നിവർ നേതൃത്വം വഹിച്ചു. ഈ സംരംഭത്തിൽ സഹായിച്ച എല്ലാവർക്കും FCDP-TMS ന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.




12 ഒക്ടോബർ 2020

## കോവിഡ് ഹെൽപ്പ് ഡെസ്ക്

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി FCDP-TMS സംയുക്തമായി ഒരു കോവിഡ് ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. പള്ളിത്തോട്ടം സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ദേവരാജൻ ഹെൽപ്പ് ഡെസ്കിന്റെ ബ്രോഷർ പ്രകാശനം ചെയ്തു. ഇതിന്റെ ഭാഗമായി കോവിഡ്-19 ബാധിച്ച കുടുംബ- ങ്ങൾക്ക് ആവശ്യമായ ആഹാര സാധനങ്ങൾ കൂടാതെ മരുന്ന്, ടെലി കൗൺസിലിംഗ് മുതലായ സഹായങ്ങൾ നൽകുന്നു.



13 ഒക്ടോബർ 2020

## ഡോൺബോസ്കോ യൂത്ത് ഫോറം സംഗമം



FCDP-TMS ന്റെ നേതൃത്വത്തിൽ കൊല്ലം തീരദേശ യുവജനങ്ങളുടെ കൂട്ടായ്മയായ ഡോൺബോസ്കോ യൂത്ത് ഫോറത്തിന്റെ പുതിയ കോർഡിനേറ്ററായി ജെസ്നോ ടി ജോൺ നിയമിതനായതിനു ശേഷം 13 ഒക്ടോബർ 2020 FCDP-യിൽ വെച്ച് ചേർന്ന ആദ്യ മീറ്റിംഗിൽ ഇരുപതോളം യുവജനങ്ങൾ പങ്കെടുത്തു, തുടർന്ന് FCDP യിലും തീരദേശത്തുമായി ഏകദേശം ഇരുപത്തിയഞ്ചോളം മീറ്റിംഗുകൾ യുവജനങ്ങളെ കേന്ദ്രീകരിച്ചു നടത്തുകയുണ്ടായി. ഇരവിപുരം, കാക്കത്തോപ്പ്, പള്ളിത്തോട്ടം, പോർട്ട് കൊല്ലം, മൂതാക്കര,

വാടി, തങ്കശ്ശേരി, എന്നിവിടങ്ങളിൽ നിന്നായി നൂറോളം യുവജനങ്ങൾ ഒത്തുചേരുന്ന ഒരു വേദിയായി ഡോൺ ബോസ്കോ യൂത്ത് ഫോറം മാറികഴിഞ്ഞു.

തീരദേശത്തെ യുവജനങ്ങൾക്ക് ചെറിയൊരു കൈവരുമാനവും പരിശീലനവും എന്ന നിലയിൽ ഡോൺ ബോസ്കോ യൂത്ത് ഫോറം, തീരദേശപ്രദേശങ്ങളിലും, തേവള്ളി, പള്ളിത്തോട്ടം, എന്നിവിടങ്ങളിലും ആയി 5 കോൺട്രാക്ട് ജോലികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി.

യുവജനങ്ങളുടെ കഴിവുകൾ ഏറ്റവും കൂടുതൽ അംഗീകരിക്കപ്പെടുന്നത് സോഷ്യൽ മീഡിയകളിലാണെന്ന വസ്തുതയെ മുൻനിർത്തികൊണ്ട് ഡോൺബോസ്കോ യൂത്ത് ഫോറം യുവജനങ്ങളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഒരു യൂട്യൂബ് ഹബ് തുടങ്ങുകയുണ്ടായി. യുവജനങ്ങളുടെ കഴിവുകളും അറിവുകളും സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു ചാനൽ ആയിട്ടാണ് യൂട്യൂബ് ഹബ് പ്രവർത്തിക്കുന്നത്. ഷെഫ് കാവ്യ, അനുപമ ഹാക്സ്, ആക്രിയോളജിസ്റ്റ് എന്നിങ്ങനെ നിരവധി ടാലന്റെ വീഡിയോസ് FCDP Kollam എന്ന യൂട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്യപ്പെട്ടിട്ടുണ്ട്.

വരും മാസങ്ങളിൽ കൂടുതൽ യുവജനങ്ങളുമായി ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തുന്നതിനു "ഡോൺബോസ്കോ യൂത്ത് ഫോറ"-ത്തെ വളർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.



9 നവംബർ 2020

## സലേഷ്യൻ പ്രൊവിൻഷ്യൽ ഔദ്യോഗിക സന്ദർശനം

സലേഷ്യൻ പ്രൊവിൻഷ്യൽ റവ. ഫാ. ജോയ്സ് തോണിക്കുഴിയിൽ FCDP&TMS ഓഫീസ് സന്ദർശിച്ചു. ബോർഡ് & സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ അദ്ദേഹത്തിന് വളരെ ഹൃദ്യമായ സ്വീകരണമാണ് നൽകിയത്. FCDP ചെയർപേഴ്സൺ ചടങ്ങിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുകയും സംഘടനയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു. FCDP&TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ 2019-2020 ലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്തുത ചടങ്ങിൽ വച്ച് എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി പരീക്ഷകളിൽ പഠന മികവ് തെളിയിച്ച വിദ്യാർത്ഥികളായ ദിവ്യ ഡൊമിനിക്, ജിൻസി ജെയിംസ് എന്നിവർക്ക് ഡോൺബോസ്കോ സ്കോളർഷിപ്പ് 2020, ചിറയത്ത് മഞ്ചില ആന്റണി മെമ്മോറിയൽ സ്കോളർഷിപ്പ് എന്നിവ കൈമാറി. റവ. ഫാ. ജോയ്സ് തോണിക്കുഴിയിൽ തന്റെ മറുപടി പ്രസംഗത്തിൽ FCDP-TMS-ന്റെ എല്ലാ പ്രവർത്തനങ്ങളെയും അഭിനന്ദിക്കുകയും സംഘടനകളുടെ വളർച്ചയിൽ തന്റെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. കൂടാതെ FCDP-TMS ബോർഡ് & സ്റ്റാഫ് അംഗങ്ങളുടെ കഠിനാധ്വാനത്തെയും പ്രതിബദ്ധതയെയും പ്രശംസിച്ചു. FCDP കോഡിനേറ്റർ ശ്രീമതി. ഗ്രെറ്റ രാജു ചടങ്ങിൽ പങ്കെടുത്ത ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. സംഘടന സ്വയം നിർമ്മിച്ച ഉത്പന്നങ്ങളായ മാസ്ക്, സാനിറ്റൈസർ, എന്നിവ പ്രൊവിൻഷ്യലിനു സമ്മാനിച്ചു.



16 നവംബർ 2020

## ഇ-ഒട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം

FCDP ആതിഥേയത്വം വഹിച്ച ചടങ്ങിൽ വനിതകൾക്കുള്ള ഇ-ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം 2020 നവംബർ 16-ന് കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. രാജീവ് നിർവഹിക്കുകയും കോവിഡ്-19 മൂലം താത്ക്കാലികമായി നിർത്തിവച്ച വനിതകൾക്കായുള്ള ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം പുനരാരംഭിക്കുകയും ചെയ്തു. FCDP-TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ തന്റെ പ്രഭാഷണത്തിൽ ഡ്രൈവിംഗ് പരിശീലനത്തിന് തയ്യാറായ യുവതികളെ അഭിനന്ദിക്കുകയും അവർക്ക് എല്ലാവിധ സഹായങ്ങളും ഉറപ്പാക്കുമെന്ന് വ്യക്തമാക്കുകയും



ചെയ്തു. കൂടാതെ 32 സ്ത്രീകൾക്ക് ഇ-ഓട്ടോറിക്ഷാ നൽകുവാനുള്ള പദ്ധതിയെക്കുറിച്ചും അവതരിപ്പിച്ചു. FCDP ചെയർ പേഴ്സൺ ഡോ.സിന്താ മെൻഡസ് പരിശീലനം ആരംഭിച്ച സ്ത്രീകളെ അഭിനന്ദിച്ചു. R.T.O ശ്രീ. രാജീവ് തന്റെ സന്ദേശത്തിൽ ഇ-ഓട്ടോ ഒരു പരിസ്ഥിതി സൗഹാർദ്ദം മാത്രമല്ല ഒരു സാധാരണ വ്യക്തിക്ക് ചിന്തിക്കാൻ കഴിയുന്ന ഏറ്റവും അനുയോജ്യ തൊഴിൽ മാർഗം കൂടിയാണെന്ന് വ്യക്തമാക്കി. ചടങ്ങിൽ ശ്രീ. വിനോദ് (ശ്രീകല ഡ്രൈവിംഗ് സ്കൂൾ), സിസ്റ്റർ മേരി.കെ (TMS, അസിസ്റ്റന്റ് ഡയറക്ടർ), ശ്രീ. അനൂപ്‌രാജ് (പ്രോജക്ട് കോർഡിനേറ്റർ) എന്നിവർ ആശംസകൾ നേർന്നു.

1 ഡിസംബർ 2020

## ഏകദിന ശില്പശാല

കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് 2020 ഡിസംബർ 11-ന് WE-LIVE പ്രോജക്ടിന്റെ ഭാഗമായി FCDP ഹാളിൽ ഒരു ഏകദിന ശിൽപശാല സംഘടിപ്പിച്ചു. തീരപ്രദേശത്തെ ഊർജ്ജസ്വലരായ വനിതസംരംഭകർക്കായി "ഫിനാൻസ് മാനേജ്മെന്റ് " എന്ന വിഷയത്തിൽ നടത്തിയ ശിൽപ്പശാലയ്ക്ക് KISMAT പ്രോജക്ട് കോർഡിനേറ്റർ ശ്രീ. അലൻ സാമുവൽ പ്ലാസിഡ് നേതൃത്വം നൽകി.



3 ഡിസംബർ 2020

## ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ്



വനിതകൾക്കായുള്ള ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് കോഴ്സിന്റെ ഭാഗമായി 2020 ഡിസംബർ 3ന് FCDP ഹാളിൽ വച്ച് ഒരു കേക്ക് ഫെസ്റ്റ് സംഘടിപ്പിച്ചു. കേക്ക് നിർമ്മാണ പരിശീലനം പൂർത്തിയാക്കിയ 2 ബാച്ചികളിലെ 30 വിദ്യാർത്ഥികൾ ഫെസ്റ്റിനായി കേക്കുകൾ തയ്യാറാക്കി. പരിശീലന പരിപാടിക്ക് നേതൃത്വം നൽകിയത് ശ്രീമതി റോഷ്ന ജാക്സൺ ആയിരുന്നു. ഫാ. സേവ്യർ ലാസർ (ഇടവക വികാരി, പോർട്ട് കൊല്ലം), ഫാ.മിൽട്ടൺ എസ് (ഇടവക വികാരി, കോവിൽത്തോട്ടം), ഫാ. സണ്ണി ഉപ്പൻ (ഇടവക വികാരി, തോപ്പ്), ബോർഡ് അംഗങ്ങൾ, സ്റ്റാഫ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വ്യത്യസ്ഥ രുചികളുമായി തയ്യാറാക്കിയ വിവിധ ഇനം കേക്കുകൾ രുചിച്ച എല്ലാവരും ഈ സംരംഭത്തെ ഏറെ പ്രശംസിച്ചു.




10 ഡിസംബർ 2020

## ലോക മനുഷ്യവകാശ ദിനാചരണം




FCDP യുടെയും ഹ്യൂമൻ റൈറ്റ്സ് ഫെഡറേഷൻ (HRF) കൊല്ലം ജില്ലാ കമ്മിറ്റിയുടെയും നേതൃത്വത്തിൽ FCDP ഹാളിൽ വച്ച് ലോക മനുഷ്യാവകാശ ദിനം ആചരിച്ചു. ഡോ. അനൂരൂപ് (RMO, കൊല്ലം) പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. എച്ച്. ആർ. എഫ് കൊല്ലം ജില്ലാ പ്രസിഡന്റ് അഡ്വ. ജി. വിജയകുമാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. മനുഷ്യാവകാശ സംരക്ഷണ നിയമം കാലാകാലങ്ങളിൽ ഭേദഗതി വരുത്തുകയും ശക്തിപ്പെടുത്തുകയും

ചെയ്യണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഡോ. അനുരൂപ് അഭിപ്രായപ്പെട്ടു. അഡ്വ. ബോറിസ് പോൾ മനുഷ്യാവകാശത്തെകുറിച്ച് ഒരു ഓഡിയോ സന്ദേശം നൽകി. FCDP-TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, കൊല്ലം ട്രാഫിക് സബ് ഇൻസ്പെക്ടർ ശ്രീ. പീ. പ്രദീപ്, ശ്രീ. മോഹനകുമാർ, ശ്രീ. എസ്. അർഷാജ്, ശ്രീ. അജിത്ത് ഡേവിഡ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിന് എ. എ. റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രിക്ക് അവാർഡ് സമ്മാനിച്ചു. ട്രാഫിക് ഇൻസ്പെക്ടർ ശ്രീ. പി. പ്രദീപ് മനുഷ്യാവകാശപ്രവർത്തകൻ ശ്രീ. ബാബു എന്നിവരെ അവരുടെ അഭിനന്ദനാർഹമായ സേവനത്തിന് യോഗത്തിൽ ആദരിച്ചു. വീൽചെയറും വിദ്യാഭ്യാസ അവാർഡും അർഹരായവർക്ക് ചടങ്ങിൽ വച്ചു വിതരണം ചെയ്തു.



13 ഡിസംബർ 2020

## അലൻ സാമുവലിന് ആദരം

FCDP - യുടെ KISMAT പ്രോജക്ടിന്റെ കോർഡിനേറ്റർ ശ്രീ. അലൻ സാമുവൽ പ്ലാസിഡിനെ കൊല്ലം ജില്ലാ ദുരന്ത നിവാരണ സംഘം, കൊല്ലം ട്രോമാ കെയർ ആൻഡ് റോഡ് ആക്സിഡന്റ് എയ്ഡ് സെന്റർ (ട്രാക്ക്), മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് എന്നീ സംഘടനകൾ സംയുക്തമായി നടത്തിയ ചടങ്ങിൽ വച്ച് അവാർഡ് നൽകി ആദരിച്ചു. കോവിഡ് - 19 ഭീതിയുടെ കാലത്ത് 290 ദിവസം തുടർച്ചയായി നടത്തിയ ശ്രദ്ധേയമായ സേവനത്തെ മുൻനിർത്തിയാണ് അവാർഡ് നൽകിയത്.



23 ഡിസംബർ 2020

## ക്രിസ്തുമസ് സംഗമം

2020 ഡിസംബർ 23ന് FCDP-TMS സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ FCDP ഹാളിൽ വച്ച് ബോർഡ് & സ്റ്റാഫിന്റെ ക്രിസ്തുമസ് സംഗമം നടത്തി. ചടങ്ങിൽ FCDP-TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, FCDP ചെയർപേഴ്സൺ ഡോ. സിന്താ മെൻഡസ്, TMS ചെയർപേഴ്സൺ ആഗ്നസ് ജോൺ എന്നിവർ ആശംസകൾ നേർന്നു. FCDP ബോർഡ് & സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്ത വിവിധതരം കലാപരിപാടികൾ ഏവർക്കും സന്തോഷത്തിന്റെയും, ആഹ്ലാദത്തിന്റെയും നല്ല ഓർമകളുടെയും നിമിഷങ്ങളായി മാറി.



30 ഡിസംബർ 2020

## എകദിന ശില്പശാല

FCDP - യുടെ WE-LIVE പ്രോജക്ടിന്റെ ഭാഗമായി ജൈവകൃഷി, അടുക്കളത്തോട്ടം എന്നിവയെക്കുറിച്ചുള്ള ഒരു ഏകദിന ശില്പശാല 2020 ഡിസംബർ 30 - ന് FCDP ഹാളിൽ നടന്നു. ശിൽപശാലയിൽ ശ്രീമതി. നിമിന. എസ് ക്ലാസുകൾ നയിച്ചു. പങ്കെടുത്തവർക്ക് ചടങ്ങിനുശേഷം സസ്യതൈകൾ വിതരണം ചെയ്തു.



# തീരദേശ മേഖലയിൽ കൂടുതൽ സ്വയം തൊഴിൽ സാധ്യതകളുമായി FCDP



## ഓട്ടോറിക്ഷാ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കുന്ന സ്ത്രീകൾക്ക് ഇലക്ട്രിക് ഓട്ടോ സ്വന്തമാക്കുവാനും അവസരം ഉണ്ടായിരിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 9633594229, 9846950916**





**EDITORIAL BOARD**

**CHIEF EDITOR**
Rev. Fr. Joby Sebastian

**ASSOCIATE EDITOR**
Dr. Sindha Mendez



**FISHERMEN COMMUNITY DEVOLOPMENT PROGRAMME (FCDP)**
**&**
**THEERADESA MAHILA SOCIETY (TMS)**
(Reg No.Q.771/84, Q.1039/95) Canal Road Pallithittam, P.O., Kollam - 691006
0474-2750650, 91-7356078920, 9846950916 (Director)
fcdpkollam@gmail.com, tmsfcdpkollam@gmail.com
**Follow us on :**
fcdpkollam
Website: www.fcdpindia.org